# SY-517

Reg. No. : ....................................

Name : ..........................................

## SECOND YEAR HIGHER SECONDARY EXAMINATION, MARCH 2024

Part – III

Time : $2\frac{1}{2}$ Hours

# മലയാളം
# (ഐച്ഛികം)

Cool-off time : 15 Minutes

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. താഴെ പറയുന്നവയിൽ നിന്ന് രണ്ട് തനതുനാടകങ്ങൾ കണ്ടെത്തി എഴുതുക.
   - അവനവൻ കടമ്പ
   - അഭിജ്ഞാന ശാകുന്തളം
   - ദൈവത്താർ
   - വിക്രമോർവശീയം

2. 'ഒരു കൂട്ടം ഉറുമ്പുകൾ' എന്ന നാടകത്തിന്റെ രണ്ട് പ്രത്യേകതകൾ തിരഞ്ഞെടുത്തെഴുതുക.
   - പഞ്ചതന്ത്ര കഥകളുടെ ആഖ്യാന രീതി
   - സ്വഗതാഖ്യാന രീതി
   - ഉറുമ്പുകളുടെ കഥപറഞ്ഞു മനുഷ്യജീവിത ചരിത്രത്തെ അവതരിപ്പിക്കുന്നു.
   - യഥാതഥമായ അവതരണം

3. വിഭീഷണൻ എന്ന കഥാപാത്രത്തിന്റെ രണ്ട് സ്വഭാവ സവിശേഷതകൾ കണ്ടെത്തി എഴുതുക.

- സഹോദര സ്നേഹം
- സ്ത്രീകളോടുള്ള ബഹുമാനക്കുറവ്
- ധാർമ്മികതാബോധം
- രാമനോടുള്ള ശത്രുതാ മനോഭാവം

4. 'കാട് വിളിക്കുന്നു' എന്ന പാഠഭാഗവുമായി യോജിക്കുന്ന രണ്ടുപ്രസ്താവനകൾ തിരഞ്ഞെടുത്തെഴുതുക.

- പാശ്ചാത്യ വിദ്യാഭ്യാസം പ്രമേയമായി വരുന്നു
- പി.വത്സലയുടെ രചന
- ടി.പി. കൊച്ചുബാവയുടെ രചന
- 'കൂമൻ കൊല്ലി' എന്ന നോവലിലെ ഒരു ഭാഗം

5. 'പ്രഥമ സായാഹ്നം' എന്ന പാഠഭാഗത്തിലെ ഇർവാദിസ് എന്ന കഥാപാത്രവുമായി യോജിക്കുന്ന രണ്ട് പ്രസ്താവനകൾ കണ്ടെത്തി എഴുതുക.

- കാപട്യമില്ലാത്ത പെരുമാറ്റം
- സ്വാർത്ഥ താല്പര്യം
- കച്ചവട മനോഭാവം
- അന്തേവാസികളോടുള്ള ബഹുമാന പൂർവമായ പെരുമാറ്റം

6. താഴെ പറയുന്നവയിൽ നിന്ന് ഒ.വി. വിജയന്റെ രണ്ട് കൃതികൾ കണ്ടെത്തി എഴുതുക.

- ഖസാക്കിന്റെ ഇതിഹാസം
- നൃത്തം
- ധർമ്മപുരാണം
- രണ്ടാമൂഴം

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. ധ്വനി എന്നാലെന്ത് ?

8. 'വെബ് സൈറ്റ്' എന്ന കഥയുടെ രണ്ട് ആഖ്യാന സവിശേഷതകൾ എഴുതുക.

9. ഉപഗുപ്തന്റെ കണ്ണിൽ നിന്ന് അടർന്നു വീണ കണ്ണുനീരിനെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

10. "തൃണങ്ങളിൽ ചേർന്ന തുഷാരബിന്ദു
തിളങ്ങി വെൺ മുത്തിനെ വെന്നിടുന്നു;
തനിക്കു യോജിച്ച നിലയ്ക്കു നിന്നാൽ
തേജസ്സു നിസ്സാരനുമേറ്റമുണ്ടാം" –

വരികളുടെ ആശയം വിശദീകരിക്കുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. (6 × 4 = 24)**

11. 'ഭാഷയിലെ മുത്തുമണികളാണ് മുക്തകങ്ങൾ' – കുറിപ്പെഴുതുക.

12. 'ബ്രഹ്മാണ്ഡപുരാണം' – എന്ന കൃതിയെ പരിചയപ്പെടുത്തുക.

13. "മധുരിക്കും ഓർമ്മകളേ !
 മലർമഞ്ചൽ കൊണ്ടുവരൂ !"
 – ഈ ഗാനത്തിലൂടെ അയവിറക്കുന്ന മധുരിക്കുന്ന ഓർമ്മകൾ എന്തെല്ലാം ?

14. തനതു നാടകവേദിയുടെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

15. സ്വന്തം നില നില്പിനുവേണ്ടി അഹോരാത്രം പ്രകൃതിയുമായി മല്ലിടേണ്ടിവരുന്നവരുടെ പ്രതിനിധിയാണോ കുങ്കൻ ? അഭിപ്രായമെഴുതുക.

16. 'ലിറിക്കൽ ബാലഡ്സി'ന്റെ അവതാരികയിൽ കവിതയെകുറിച്ച് വേർഡ്സ്വർത്ത് പറയുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ?

17. "കിണ്ണം ഇങ്ങോട്ടു തന്നേക്കു; ഞാൻ പാകുന്നു
 ഉണ്ണാൻ വേഗം വരണേ"
 (കാലം മാറുന്നു)
 – കാലം മാറിയിട്ടും സ്ത്രീയുടെ അവസ്ഥയ്ക്ക് മാറ്റമില്ല എന്നതിന് അടയാള വാക്യമാകുന്നുണ്ടോ ഈ വാക്കുകൾ ? സ്വാഭിപ്രായം വ്യക്തമാക്കുക.

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (3 × 6 = 18)**

18. 'നമസ്കാരമുപഗുപ്ത, വരിക ഭവാൻ
 നിർവാണ
 നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്'
 (ശാന്തം കരുണം)
 ഈ വരികളിൽ തെളിയുന്ന ഉപഗുപ്തന്റെ സ്വഭാവ സവിശേഷതകൾ വിലയിരുത്തുക.

19. ദുര്യോധനൻ ദുർജ്ജയന് നല്കുന്ന ഉപദേശങ്ങൾ എന്തെല്ലാം ? 'ഊരുഭംഗ'ത്തെ ആസ്പദമാക്കി വിവരിക്കുക.

20. 'ഭൂമിയിലെ മുഴുവൻ നന്മയും വറ്റിയെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല'
 (പ്രഥമസായാഹ്നം)
 – സിറിയക് ആന്റണി ഇങ്ങനെ വിചാരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് വിശദമാക്കുക ?

21. 'ഇരയെ ആകർഷിക്കുന്ന ചുണ്ടക്കൊളുത്താണ് പരസ്യങ്ങൾ' – 'വെബ്സൈറ്റ് ' എന്ന കഥയെ മുൻ നിർത്തി ഈ പ്രസ്താവന പരിശോധിച്ച് അവലോകനക്കുറിപ്പെഴുതുക.

**താഴെ കൊടുത്ത ഖണ്ഡിക വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)**

ആധുനിക വിമർശനത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ ഇറ്റാലിയൻ കലാചിന്തകനാണ് ക്രോച്ചെ. ആശയവാദിയായ അദ്ദേഹം സാഹിത്യ വിമർശകൻ മാത്രമല്ല. 19-ാം നൂറ്റാണ്ടിലെ വിമർശനത്തിൽ ശക്തിപ്രാപിച്ചിരുന്ന പല സമീപനങ്ങളുടെയും നേരെയുള്ള ബുദ്ധിപരമായ പ്രതിഷേധമായിരുന്നു ക്രോച്ചേയുടെ 'ഈസ്തെറ്റിക്സ് ആസ് എ സയൻസ് ആന്റ് എക്സ്പ്രഷൻ ആന്റ് ജനറൽ ലിംഗിസ്റ്റിക്സ് ' എന്ന സൗന്ദര്യ ശാസ്ത്രഗ്രന്ഥം. 1902 ലാണ് അത് പ്രസിദ്ധീകരിച്ചത്. ജ്ഞാനം രണ്ടുതരത്തിലുണ്ടെന്ന് ക്രോച്ചേ പ്രസ്താവിക്കുന്നു. ഭാവനയിലൂടെ ആർജിക്കുന്ന അന്തർജ്ഞാനവും ബുദ്ധിയിലൂടെ ആർജിക്കുന്ന താർക്കിക ജ്ഞാനവും. ആദ്യത്തേത് ഇമേജുകളും രണ്ടാമത്തേത് പരികല്പനകളും സൃഷ്ടിക്കുന്നു. ഒന്ന് വ്യക്തിപരവും മറ്റേത് സാർവലൗകികവുമാണ്. കഥയെ നേരിട്ടുള്ളതും വ്യക്തിഗതവുമായ ജ്ഞാനം എന്നാണ് ക്രോച്ചേ നിർവചിച്ചത്.

22. ആരാണ് ക്രോച്ചേ ?

23. ക്രോച്ചേയുടെ സൗന്ദര്യശാസ്ത്രഗ്രന്ഥത്തിന്റെ പേരെന്ത് ?

24. ക്രോച്ചേയുടെ അഭിപ്രായത്തിൽ ജ്ഞാനം എത്രവിധം ? അവ ഏവ ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

25. വർത്തമാനകാല സാമൂഹിക പ്രവണതകളെ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങളാണോ 'ഒരുകൂട്ടം ഉറുമ്പുകളി'ലെ ചിലന്തിയും രാക്ഷസനും – പരിശോധിക്കുക.

26. ഏതുകാലത്തും പ്രസക്തമായ ലോകതത്ത്വങ്ങളാണ് 'വിഭീഷണഹിതോപദേശ'ത്തിൽ എഴുത്തച്ഛൻ പ്രയോഗിച്ചിരിക്കുന്നത് – ശരിയോ ? ചർച്ച ചെയ്യുക.

27. 'പരസ്യ നിർമാതാക്കളുടെ ദൗത്യം ഉത്പന്നങ്ങൾ അവയെത്ര നിർജീവമാണെങ്കിലും, ചായം പൂശി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കലാണ് ' – പ്രസ്താവനയുടെ പൊരുൾ പരസ്യങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

---